ശ്രീ. യു. നീലകണ്ഠൻ : ഈ ഗോഡൗണുകളിൽ ഇരിക്കുന്ന അരിച്ചാക്കിൽ അരിക്കുടകം മണ്ണുനിറച്ചു വച്ചിട്ടുള്ളതായി റവന്യൂമിനിസ്റ്ററിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജോൺ : ശ്രദ്ധയിൽ പെട്ടിട്ടില്ല.

പച്ചമരുന്നുകൾക്കുള്ള തുക.

* 620. [17] ശ്രീ. കുട്ടപ്പൻ ചോയിക്കൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആയുർവ്വേദാശുപത്രികളിലും ഡിസ്പെൻസറികളിലും പച്ച മരുന്നുകൾ വാങ്ങുന്നതിനുള്ള തുക ഈ സാമ്പത്തികവർഷത്തിൽ കുറവു ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്താണ് ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) സർക്കാർ ആയുർവ്വേദ ആശുപത്രികളിലും ഡിസ്പെൻസറികളിലും പച്ച മരുന്നുകൾ വാങ്ങുന്നതിനുള്ള തുക ഈ സാമ്പത്തികവർഷത്തിൽ കുറവു ചെയ്തിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എൻ. നാരായണക്കുറുപ്പ് : ആയുർവ്വേദാശുപത്രികളിൽ മരുന്നു വാങ്ങാൻ വരുന്ന രോഗികളുടെ എണ്ണം അനുസരിച്ചാണോ, അതല്ലെങ്കിൽ ഏതടിസ്ഥാനത്തിലാണ് ഈ തുക അനുവദിക്കുന്നത് ?

ശ്രീ. എ. എ റഹിം : ആശുപത്രിയിൽ മരുന്നുകളുടെ ആവശ്യത്തിന്റെ അടിസ്ഥാനത്തിലാണ്.

ശ്രീ. എൻ. നാരായണക്കുറുപ്പ് : ഒരു രോഗിക്ക് എത്ര രൂപ അല്ലെങ്കിൽ എത്ര രൂപ ഒരു ദിവസത്തേയ്ക്ക് അല്ലെങ്കിൽ ഒരു മാസത്തേയ്ക്ക് മരുന്നിനായി ചെലവാകും എന്ന കണക്കാക്കിയാണോ ഈ രൂപ അനുവദിക്കുന്നത് ?

ശ്രീ. എ. എ. റഹിം : അതു് ഓരോ ആശുപത്രിയിലും ആവശ്യമുള്ള മരുന്നിന്റെ അടിസ്ഥാനത്തിൽ ഇത്ര രൂപ വേണമെന്ന് കണക്കാക്കി അനുവദിക്കുകയാണ്.

ശ്രീ. എൻ. നാരായണക്കുറുപ്പ് : അലോപ്പതി ആശുപത്രിയിൽ ഇത്ര തുക ചെലവാകും, ആയുർവ്വേദാശുപത്രിയിൽ ഇത്ര ചെലവാകും, എന്ന കണക്കു വല്ലതും പ്രത്യേകമായിട്ടുണ്ടോ ?

ശ്രീ. എ. എ. റഹിം : ഓരോ ആശുപത്രിയ്ക്കുള്ള എത്ര തുക എന്നു പ്രത്യേകിച്ച് അറിയണമെങ്കിൽ അതു് പിരിച്ചുവേണം അറിയാൻ.

LIBRARY ARCHIVES Kerala Legislative Assembly